# വേണം ഒരു കേരള ഗ്രന്ഥശാലാ നിയമം
(ലക്ഷ്യം തേടുന്ന ഗ്രന്ഥശാലകൾ-3)

**ആർ. രാമൻ നായർ**

**വീക്ഷണം 5 മേയ് 1988, 2**

**എണ്ണത്തിൽ ഒരു പക്ഷേ ഏറ്റവും കൂടുതൽ പൊതു ഗ്രന്ഥാലയങ്ങളുള്ള ഒരു സംസ്ഥാനമാണ് കേരളം. പക്ഷേ കാര്യക്ഷമമായി ഒരു പൊതു ഗ്രന്ഥാലയത്തിന്റെ സേവനങ്ങൾ നൽകാൻ പര്യാപ്തമായി ഇതിൽ വിരലിലെണ്ണാവുന്നവ പോലുമില്ല. പ്രദേശിക പത്രങ്ങളും പോപ്പുലർ മാസികകളും നോവലുകളും കഥകളും മാത്രം വിതരണം നടത്തുന്ന വർഷന്തോറും ഒന്നോ രണ്ടോ കലാപരിപാടികളും കായിക മത്സരങ്ങളും നടത്തുന്ന വെറും വായനശാലകൾ മാത്രമാവരുത് ഒരു പൊതു ഗ്രന്ഥാലയ വ്യവസ്ഥയിലെ സേവന കേന്ദ്രങ്ങൾ. അതുറപ്പാക്കാൻ ഗ്രന്ഥശാലാ നിയമം അത്യന്താപേക്ഷിതമാണെന്ന് ഈ ലേഖനം വാദിക്കുന്നു.**

**Venam Oru Granthasala Niyamam (Lakshyam Tedunna Granthasalakal -2) – R. Raman Nair,** Veekshanam, 5 May 1988, P2

**Personal Archive Files:**

**Note:** Forms part of a series of articles published in nineteen eighties in regional (Kerala) newspapers of local language (Malayalam). At that time there was no library legislation in Kerala. Various attempts during 1960- 1985 for enacting a Kerala Public Library act failed due to conflicting interests. Enacting library legislation was also not considered by politicians as an important achievement that can mint votes. There were also signs of the library movements in some regions like Kerala taking wrong direction. In such a situation the articles in this series attempted to raise public opinion in favor of establishing an efficient library and information system for the people. The articles also projected library legislation as one among social legislations for which priority is to be given by government. Later Kerala Public Library Act 1989 came into existence. But still 19 years after its publication of these articles many of the suggestions made are relevant for further amendments to Kerala Public Libraries Act 1989.

പൊതു ഗ്രന്ഥാലയങ്ങൾ, തങ്ങളുടെയും വിദ്യാഭ്യാസത്തിനായി നിലകൊള്ളുന്ന സ്ഥാപനങ്ങളാണെന്നബോധം സാധാരണക്കാരിൽ ജനിപ്പിക്കുവാൻ ഗ്രന്ഥശാല നിയമനിർമ്മാണത്തിലൂടെ കഴിയുന്നു. ഗ്രന്ഥാലയപ്രവർത്തനത്തിനു ജനങ്ങളുടെ സഹകരണവും അദ്ധ്വാനവും നേടിയെടുക്കുവാനും വേണ്ടവിധം ഉപയോഗപ്പെടുത്തുവാനും അങ്ങനെ കഴിയുന്നു. ഗവൺമെന്റിന് ഇക്കാര്യത്തിലെ ഉത്തരവാദിത്വം ഗ്രന്ഥശാലനിയമത്തിലൂടെ പരസ്യമായി പ്രഖ്യാപിക്കപ്പെടുന്നതുകൊണ്ട് ഗ്രന്ഥാലയ പ്രവർത്തനം ഗൗരവപൂർവം നിർവഹിക്കാൻ ബന്ധപ്പെട്ടവർ നിർബന്ധിതരാവുന്നു.

## അവസരസമത്വം

ആസൂത്രിതമായ നിയമാധിഷ്ഠിതമായ ഒരു സംവിധാനത്തിൽ മാത്രമേ, വ്യാപകമായ ഒരു ഗ്രന്ഥാലയ ശൃംഖല സ്ഥാപിച്ച് എല്ലാ പ്രദേശങ്ങളിലും നിലവാരമുള്ള സാർവലൗകിക സ്വഭാവമുള്ള സന്തുലിതമായ ഒരു വിജ്ഞാന സേവനം വ്യാപകമായി ലഭ്യമാക്കാനാവൂ. വിവിധ തരത്തിലുള്ള ഗ്രന്ഥാലയസേവനങ്ങൾ കുറഞ്ഞ ചിലവിൽ ലഭ്യമാക്കണമെങ്കിൽ പൊതു ഗ്രന്ഥാലയങ്ങൾ പരസ്പരം സഹകരിച്ച് പ്രവർത്തിക്കണം. ദേശത്തെങ്ങുമുള്ള ഏതൊരു പൊതുഗ്രന്ഥാലയത്തിനും, സംസ്ഥാന കേന്ദ്രഗ്രന്ഥാലയത്തിലൂടെ, ദേശീയ ഗ്രന്ഥാലയത്തിലൂടെ ലോകത്തെവിടെയുമുള്ള രേഖപ്പെടുത്തപ്പെട്ട അറിവ് ആവശ്യക്കാരന് ലഭ്യമാക്കാൻ കഴിയണമെങ്കിൽ, നിയമപരമായി അംഗീകരിക്കപ്പെട്ട ഒരു പൊതു ഗ്രന്ഥാലയ സഹകരണ സംവിധാനം നിലവിലുണ്ടായിരിക്കണം.

### ലക്ഷ്യം...

# വേണം, ഒരു കേ...

വ്യക്തിയുടെയും സമൂഹത്തിന്റെയും പുരോഗതിക്ക് ഒഴിച്ചുകൂടാനാവാത്തതാണ് വിജ്ഞാനാവശ്യങ്ങളെ തൃപ്തിപ്പെടുത്താതെങ്കിലും, ആഹാരം വസ്ത്രം തുടങ്ങിയ ദൈനംദിനാവശ്യങ്ങൾക്കായി കഠിനാദ്ധ്വാനം ചെയ്യുന്ന നമ്മുടെ ഭൂരിപക്ഷം ജനങ്ങളും ഇത്തരമൊ

...ഭാഗവും ജനങ്ങളിൽനിന്നു ശക്തമായ ആവശ്യങ്ങൾ ഉയർന്നതിന്റെ പേരിൽ നിലവിൽ വന്നവയല്ല. പഴയ അവസ്ഥകളിൽ പൂർണ്ണം. നടത്തിക്കൊണ്ടിരുന്ന ഒരു ന്യൂനപക്ഷം ആ നിയമങ്ങളിൽ പലതിനെയും ശക്തമായി എതിർക്കുകയോ, പ്രയോജനം

**എണ്ണത്തിൽ ഒരുപക്ഷെ ഏററവും കൂടുത... നമാണ് കേരളം. പക്ഷെ കാര്യക്ഷമമായ ഒ... നൽകുവാൻ പര്യാപ്തമായി ഇതിൽ വിരലി... ത്രങ്ങളും പോപ്പുലർ മാസികകളും നോവലുക... ഷംതോറും ഒന്നോ രണ്ടോ കലാപരിപാടികളും... രം വായനശാലകൾ മാത്രമാവരുത് ഒരു പൊ... ന്ദ്രങ്ങൾ.**

...ു വിജ്ഞാന സേവന സൗകര്യത്തിനായി ശബ്ദമുയർത്തുകയില്ല. പക്ഷെ അവർക്ക് നിഷേധിച്ചിരിക്കുന്ന ഈ സൗകര്യമാണ് അവരുടെ പിന്നോക്കാവസ്ഥയുടെ പ്രധാന കാരണമെന്ന് അവർ അറിയാതെ പോവുന്നു. സമൂഹപുരോഗതിക്ക് ഏററവുമധികം സഹായകമായ നിയമങ്ങളിൽ ഭ...

ഹിതമായിത്തീരും വിധം മാററങ്ങൾ വരുത്തിക്കുവാൻ സ്വാധീനിക്കുകയോ ചെയ്തിട്ടുണ്ട്. പക്ഷെ ആ നിയമങ്ങൾ യഥാർത്ഥത്തിൽ ആവശ്യമായിരുന്ന ഭൂരിപക്ഷം, അജ്ഞതകൊണ്ടുള്ള ബലഹീനതയാൽ നിശബ്ദത പാലിക്കുകയാണ് അപ്പോഴൊക്കെ ചെയ്തത്. ഇത...

## ...ടുന്ന ഗ്രന്ഥശാലകൾ-3

# ...ള ഗ്രന്ഥശാലാനിയമം

**ആർ രാമൻ നായർ**

...ണ് ഗ്രന്ഥശാലാ നിയമം നടപ്പിൽ വരുത്തുവാൻ ഗവർമെന്റ് തന്നെ മുൻകൈ എടുക്കേണ്ടതു് അത്യാവശ്യമാക്കുന്നു.

### നമ്മുടെ വായനശാലകൾ

> ...ൽ പൊതു ഗ്രന്ഥാലയങ്ങളുള്ള ഒരു സംസ്ഥാ... ...ു പൊതു ഗ്രന്ഥാലയത്തിൻെറ സേവനങ്ങൾ ...ലണ്ണാവുന്നവപോലുമില്ല. കുറേ പ്രാദേശിക പ... ...ളും കഥകളും മാത്രം വിതരണം നടത്തുന്ന, വർ... കായിക മൽസരങ്ങളും സംഘടിപ്പിക്കുന്ന ഇത്ത... ...ു ഗ്രന്ഥാലയ സംവിധാനത്തിലെ സേവനകേ...

എന്നതിൽ ഒരു പക്ഷേ ഏറ്റവും കൂടുതൽ പൊതുഗ്രന്ഥാലയങ്ങളുള്ള ഒരു സംസ്ഥാനമാണ് കേരളം. പക്ഷെ കാര്യക്ഷമമായ ഒരു പൊതു ഗ്രന്ഥാലയത്തിൻെറ സേവനങ്ങൾ നൽകുവാൻ പര്യാപ്തമായി ഇതിൽ വിരലിലെണ്ണാവുന്നവ പോലുമില്ല. കുറേ പ്രാദേശിക പത്രങ്ങളും പോപ്പുലർ മാസികകളും നോവലുകളും കഥകളും മാത്രം വിതരണം നടത്തുന്ന, വർഷത്തിലൊ ഒന്നോ രണ്ടോ കലാപരിപാടികളും കായിക മത്സരങ്ങളും സംഘടിപ്പിക്കുന്ന ഇത്തരം വായനശാലകൾ മാത്രമാണുള്ളതു് ഒരു പൊതു ഗ്രന്ഥാലയ സംവിധാനത്തിലെ സേവനകേന്ദ്രങ്ങളാം. ഇന്ന് വ്യത്യസ്ത അധികാര കേന്ദ്രങ്ങളുടെ കീഴിലായി പ്രവർത്തിക്കുന്ന കേരളത്തിലെ പൊതു ഗ്രന്ഥാലയങ്ങൾ അവ നൽകുന്ന സേവനത്തിൻെറ കാര്യത്തിൽ ഒരു പൊതുസ്വഭാവവും നിശ്ചയിക്കപ്പെട്ടിട്ടില്ല. പരസ്പരം സഹകരിച്ചു പ്രവർത്തിക്കാനുള്ള വ്യക്തമായ പദ്ധതികളില്ല. നമ്മുടെ ഗ്രന്ഥാലയ സേവനം സമഗ്രമായി വികസിപ്പിക്കാനാവുന്ന ഒരു ഗ്രന്ഥശാലാ നിയമത്തിൻെറ അഭാവമാണ് ഈ രംഗത്തെ കാര്യക്ഷമതക്കുറവിൻെറ അടിസ്ഥാന കാരണം.

വിവിധ സംസ്ഥാനങ്ങളിലെ ഗ്രന്ഥാലയ നിയമങ്ങളും, കേന്ദ്ര ഗവൺമെൻറിൻെറ പ്ലാനിംഗ് കമ്മീഷൻ സമർപ്പിച്ചിട്ടുള്ള മാതൃകാ ലൈബ്രറി ബില്ലും പരിശോധിച്ചു തയ്യാറാക്കിയ ഒരു ഗ്രന്ഥശാലാ നിയമം വീണ്ടും ഗവൺമെൻറിൻെറ പരിഗണനയ്ക്ക് വരുന്നു എന്ന് കേൾക്കുന്നു. കേരളത്തിൻെറ പൊതു ഗ്രന്ഥാലയങ്ങളെ അവയുടെ ലക്ഷ്യങ്ങൾ നിർവഹിക്കാനാവും വിധം നവീകരിക്കുവാനും ഗ്രാമങ്ങളിലും പട്ടണങ്ങളിലും എല്ലാവർക്കും ഒരേപോലെ വിജ്ഞാന വിതരണം സാധ്യമാക്കാൻ ആവും വിധം ഗ്രന്ഥാലയ സംവിധാനത്തെ സമഗ്രമായി വികസിപ്പിക്കുവാനും സാധ്യമാവുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു കേരള ഗ്രന്ഥശാലാ നിയമം എത്രയും വേഗം നടപ്പിൽ വരുത്തേണ്ടതു് ആവശ്യമായിരിക്കുന്നു.

(അവസാനിച്ചു.)